# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 ആഗസ്റ്റ് 19 മുതൽ ആഗസ്റ്റ് 23 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.66/2020 | തീയ്യതി: 18/08/2020 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 51.4 | 28.0 – 30.0 | 22.5 – 25.0 | 85– 100 | 01 -03 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 19.08.2020 | 20.08.2020 | 21.08.2020 | 22.08.2020 | 23.08.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 20 | 10 | 15 | 12 | 8 |
| കൂടിയ താപനില, °C | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 10 | 10 | 10 | 8 | 10 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 290 | 270 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | ഒറ്റപ്പെട്ട മഴയ്ക്കും കാറ്റിനും സാധ്യത.<br>നെല്ലിൽ കതിര് വരുന്ന സമയമായതിനാൽ നൈട്രജൻ വളത്തിന്റെ മൂന്നിൽ ഒരു ഭാഗവും പകുതി പൊട്ടാഷും നൽകേണ്ടതാണ് തെങ്ങിൽ ചെന്നീരൊലിപ്പ്, കൂമ്പുചീയൽ എന്നിവ ഉണ്ടാകും. | | |
| നെല്ല് | വിവിധ ഘട്ടം | വാട്ടം  | ഫ്യൂജിയോൺ അല്ലെങ്കിൽ നാറ്റിവോ (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| | | നീല വണ്ട്  | വയലിലെ വെള്ളം വറ്റിച്ച് 3 ദിവസത്തിന് ശേഷം മണ്ണെണ്ണ ഇമൽഷൻ (15 മില്ലി മണ്ണെണ്ണ 1 ലിറ്റർ സോപ്പു ലായനിയിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയത്) തളിക്കുക. |

| | | | |
|---|---|---|---|
| നെല്ല് | കരിരത വരുന്ന പരുവം | ഓല ചുരുട്ടിപ്പുഴു  | മുള്ളുള്ള കമ്പു നെല്ലോലകൾക്കിടയിലൂടെ വലിച്ച് ചുരുളുകൾ തുറക്കുക. തണൽ വീഴുന്ന സ്ഥലങ്ങളിൽ ആക്രമണം കൂടുതലായിരിക്കും. നൈട്രജൻ വളങ്ങൾ അമിതമായി ഉപയോഗികരുത്.<br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം 'കൊറാജെൻ' 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കടചീയൽ  | ഒരു തെങ്ങിന് 50 കിഗ്രാം ചാണകവും 5കിഗ്രാം വേപ്പിൻ പിണ്ണാക്കും വീതം ഇട്ടു കൊടുക്കുക.<br>3 മാസ ഇടവേളയിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീ. വരെ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ചു കൊടുക്കുക. |
| | | കൂമ്പ്ചീയൽ  | തുടർച്ചയായ മഴ മൂലം കൂമ്പ് ചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പ്ചീയൽ രോഗത്തിന് മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി ഒലിച്ചിറങ്ങുന്നത് വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കപ്പെടും.<br>രോഗം ബാധിച്ച തെങ്ങിലും അടുത്തുള്ള തെങ്ങുകളിലും 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |
| വാഴ | വിവിധ ഘട്ടം<br>(നേന്ത്രൻ വാഴ) | കട ചീയൽ  | മുൻകരുതലായി സ്ട്രെപ്റ്റോസൈക്ലിൻ ലായനി (@2ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് (@20ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ ) വാഴത്തടത്തിൽ കുതിർക്കുക |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |

ഒപ്പ് /-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി